ഒരു ഭാഗത്തുള്ള അപ്രോച്ച് റോഡ് പൂർത്തിയായി. ഏലൂർ ഭാഗത്തേയ്ക്കുള്ള അപ്രോച്ച് റോഡിൽ ഒരു 110 കെ. വി. ഇലക്ട്രിക്ക് ലൈൻ മാറേണ്ടതുണ്ട്. അത് മാറാൻ പല പ്രാവശ്യം ഡിപ്പാർട്ടുമെൻറിനോടാവശ്യപ്പെട്ടിട്ടും മാറിയിട്ടില്ല. അത് മാറിക്കഴിഞ്ഞാൽ അപ്രോച്ച് റോഡിൻറെ പണിയും പൂർത്തിയാക്കുവാൻ കഴിയും. 1987 ഏപ്രിൽ മാസത്തിലാണ് പണി തീരേണ്ടത്. അതിന് ജൂൺ മാസം വരെ സമയം വാങ്ങിയിട്ടുണ്ട്. അതിനുമുമ്പായി പാലത്തിൻറെയും അപ്രോച്ച് റോഡിൻറെയും പണി പൂർത്തിയാകും.

(8) മണ്ണാർക്കാട് ശുദ്ധജല വിതരണ പദ്ധതി

ശ്രീ. പി. കുമാരൻ: സർ, എൻറെ മണ്ഡലത്തിലെ മണ്ണാർക്കാട് ശുദ്ധജല വിതരണ പദ്ധതി 40 ലക്ഷം രൂപയുടെ അനുമതിക്കായി അയച്ചിട്ടുണ്ടെന്ന് 1982-ൽ എൻറെ ഒരു ചോദ്യത്തിനുത്തരമായി ഇവിടെ പറഞ്ഞു. എന്നാൽ 10-ാം തീയതി വീണ്ടും എൻറെ ഒരു ചോദ്യത്തിനുത്തരമായി 70 ലക്ഷം രൂപയുടെ അനുമതിക്കായി കേന്ദ്ര ഗവൺമെൻറിലേയ്ക്ക് അയച്ചിട്ടുണ്ടെന്ന് പറഞ്ഞു. അനുമതി കിട്ടിയ ഉടനെതന്നെ അത് നടപ്പിലാക്കുമെന്നും പറഞ്ഞു. അരലക്ഷത്തിലേറെ ജനങ്ങൾ പാർക്കുന്ന ആ പ്രദേശത്ത് ഗവൺമെൻറ് ആശുപത്രിയിൽ ശുദ്ധജലമെത്തിക്കുന്നതിനുവേണ്ടിയുള്ള ഒരു ചെറിയ പദ്ധതിമാത്രമാണുള്ളത്. അതുകൊണ്ട് ഗവൺമെൻറ് ഇക്കാര്യം അടിയന്തിരമായി ശ്രദ്ധിച്ച് നടപ്പിലാക്കണമെന്നഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇപ്പോഴുള്ള പദ്ധതി വിപുലീകരിച്ച്, അതായത് കുന്തിപ്പുഴയിൽ നിന്ന് വെള്ളം എടുക്കത്തക്കവണ്ണമുള്ള ഒരു പദ്ധതി ആക്സിലറേറഡ് സ്കീമിൽ 70 ലക്ഷം രൂപ മുടക്കി 46,520 ജനങ്ങൾക്ക് പ്രയോജനം കിട്ടത്തക്കവണ്ണമുള്ള ഒരു മേജർ ശുദ്ധജല വിതരണ പദ്ധതിയാണ്. അത് കേന്ദ്ര ഗവൺമെൻറിൻറെ അനുമതിക്കായി അയച്ചിരിക്കുകയാണ്. കേന്ദ്രഗവൺമെൻറിൻറെ അനുമതി കിട്ടിയാൽ ഉടനെതന്നെ നടപ്പിലാക്കുവാൻ കഴിയും.

(9) മഹിളാപ്രധാൻ ഏജൻറുമാർ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ

ശ്രീ. വി. ദിനകരൻ: സർ, ദേശീയ സമ്പാദ്യ പദ്ധതിയിലേയ്ക്ക് പണം സമാഹരിക്കുന്ന നാലായിരത്തോളം മഹിളാപ്രധാൻ ഏജൻറുമാർ കേരളത്തിലുണ്ട്. 1985-86-ൽ 15 കോടിരൂപ അവർ സമാഹരിക്കുകയുണ്ടായി. അയ്യായിരം രൂപ വരെ രണ്ടരശതമാനവും പതിനായിരം രൂപ വരെ മൂന്നു ശതമാനവും പതിനായിരം രൂപയ്ക്ക് മുകളിൽ നാലുശതമാനവും കമ്മീഷൻ മാത്രമാണവർക്ക് കിട്ടുന്നത്. അതും തക്ക സമയത്ത് കിട്ടുന്നില്ല. തക്കസമയത്ത് അത് കൊടുക്കണം. അവരുടെ അലവൻസ് 20 ശതമാനം കൂടി വർദ്ധിപ്പിക്കണം. ഗ്രാമവികസന വകുപ്പിലെ നാഷണൽ സേവിംഗ്സ് ഡിപ്പാർട്ടുമെൻറിലുള്ള നിയമനങ്ങളിൽ അവർക്ക് സംവരണം കൊടുക്കണം. അതുപോലെതന്നെ 100 കോടി രൂപ സമാഹരിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി ഇവിടെ പറഞ്ഞു. അത് സമാഹരിക്കുന്ന സാഹചര്യത്തിൽ ഇവരെകൂടി പങ്കെടുപ്പിക്കുവാനുള്ള നടപടി സ്വീകരിക്കണം. ദേശീയ

LIBRARY ARCHIVES Kerala Legislative Assembly